بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# Khutba Khulasa 01.11.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*യു.കെയിലെ ഇസ്‌ലാമാബാദിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബ*

---

**"പോപ്പ് പൊതുവായ നിലയിൽ ശാന്തിയുടെ കാര്യങ്ങൾ സംസാരിക്കാറുണ്ട് എന്നാൽ നിങ്ങളുടെ ഖലീഫ പരസ്യമായ നിലയിലാണ് ശക്തരായ രാഷ്ട്രങ്ങളോട് സംസാരിച്ചത്."**

**"വാസ്തവത്തിൽ അദ്ദേഹം ഖിലാഫത്തിന്റെ സുൽത്താനെ നസീർ അഥവാ സമർഥനായ സഹായിയായിരുന്നു." ബഹുമാന്യ മൗലാനാ കെ. മഹ്മൂദ് അഹ്മദ് സാഹിബ് മുബല്ലിഗിന്റെ സ്തുത്യർഹമായ ഗുണവിശേഷണങ്ങളുടെ വിവരണം.**

---

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിക്കൊണ്ട് ഹുസൂർ പറഞ്ഞു: കഴിഞ്ഞ ദിനങ്ങളിൽ യൂറോപ്പിലെ ചില രാജ്യങ്ങളിലെ പര്യടനത്തിലായിരുന്നു. ഹോളണ്ടിലെ രണ്ട് രാജ്യങ്ങളിലും ഫ്രാൻസിലും വാർഷിക ജൽസകളുണ്ടായിരുന്നു. അതിനുപുറമെ പള്ളികളുടെ ഉദ്ഘാടനങ്ങളും മറ്റുള്ളവരുമായുള്ള ചില പരിപാടികളും നടക്കുകയുണ്ടായി. ഫ്രാൻസിലുള്ള യുനെസ്കോയുടെ മന്ദിരത്തിൽ നടന്ന പരിപാടിയിൽ ഇസ്‌ലാമിക അധ്യാപനങ്ങളും ശാസ്ത്ര വൈജ്ഞാനിക മേഖലകളിൽ മുസ്‌ലിംകളുടെ സംഭാവനകളും വിവരിക്കുവാനുള്ള അവസരം ലഭിച്ചു. അതുപോലെ ബർലിനിൽ നടന്ന ഒരു പരിപാടിയിൽ ഭരണതന്ത്രജ്ഞരും വിദ്യാസമ്പന്നരുമായ ആളുകൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ചു പറഞ്ഞുകൊടുത്തു. അത് അവരിൽ നല്ല പ്രതികരണമുണ്ടാക്കി. ഇപ്പോൾ ഞാൻ അന്യരുടെ ചില അഭിപ്രായ പ്രകടനങ്ങൾ സമർപ്പിക്കുകയാണ്. അതിൽ നിന്നും അവർക്ക് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ മനസ്സിലാക്കുവാൻ സാധിച്ചു എന്നത് വ്യക്തമാകുന്നതാണ്.

ഹോളണ്ടിലെ ജൽസയുടെ രണ്ടാം ദിവസം ഡച്ച് അതിഥികളെ അഭിമുഖീകരിക്കുവാനുള്ള അവസരം ലഭിച്ചു. അതിൽ അമുസ്‌ലിം സഹോദരങ്ങളായ 125 ഡച്ച് അതിഥികൾ പങ്കെടുത്തു. റോട്ടർഡമിൽ നിന്നും വന്നിരുന്ന ഒരു അതിഥിയായ ഹൈമൻ മേറ്റർ സാഹിബ് പറഞ്ഞു; ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പ് ഞാൻ ഭയപ്പെട്ടിരുന്നു. കാരണം ഈ ജൽസയിൽ മുസ്‌ലിംകളാണ് സംഘടിക്കുന്നത് അതുകൊണ്ട് അവിടെ എന്താണ് സംഭവിക്കുക എന്നറിയില്ല. എന്നാൽ ഇവിടെ വന്നപ്പോൾ വലിയ അതിശയം തോന്നി. കാരണം ശാന്തിയുടെ കാര്യങ്ങളവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. പോപ്പ് പൊതുവായ നിലയിൽ ശാന്തിയുടെ കാര്യങ്ങൾ സംസാരിക്കാറുണ്ട്. എന്നാൽ നിങ്ങളുടെ ഖലീഫ പരസ്യമായ നിലയിൽ ശക്തരായ രാഷ്ട്രങ്ങളെ അഭിസംബോധന ചെയ്തു സംസാരിക്കുകയുണ്ടായി.

അതിൽ പങ്കെടുത്ത ഡച്ചു ദമ്പതികൾ പറയുന്നു: ജൽസയുടെ അന്തരീക്ഷം വിസ്മയകരമായിരുന്നു. എല്ലാവരും നല്ല പെരുമാറ്റം കാഴ്ച്ച വച്ചു. ഒരു സ്വർഗീയ അന്തരീക്ഷമായിരുന്നു. പിന്നീട് എന്റെ പ്രഭാഷണത്തെക്കുറിച്ച് പറഞ്ഞു: അത് വളരെ വലിയ സ്വാധീനമാണ് ഞങ്ങളിലുളവാക്കിയത്. പരിഭാഷകരും വളരെ സ്വാധീനമുണ്ടാക്കി. വളരെ മികച്ച നിലയിൽ തൽസമയം പരിഭാഷ നടക്കുന്നുണ്ടായിരുന്നു. ഹുസൂർ പറയുകയാണ്: ഇക്കാര്യം പരിഭാഷകർ എങ്ങനെ വിവരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതുകൊണ്ടുതന്നെ എം.ടി.എ.യിൽ പരിഭാഷ നടക്കുന്നുവെങ്കിലും വിവിധ രാജ്യങ്ങളിൽ പരിപാടികളും ജൽസകളും നടക്കുമ്പോഴെല്ലാം പരിഭാഷകൾ നല്ല നിലയിലായിരിക്കുവാൻ തർജ്ജുമ വിഭാഗം പരിശ്രമിക്കേണ്ടതാണ്.

ഒരു അതിഥിയായ ഡെന്നി ഹാർക്കിങ് സാഹിബ് പറയുന്നു: എനിക്കിവിടെ വളരെ നന്നായി തോന്നുന്നു. നിങ്ങളുടെ ഖലീഫ ശാന്തിയുടെയും പരസ്പര ഐക്യത്തിന്റെയും കാര്യങ്ങൾ പറയുന്നു. അഹ്മദികളോടു മാത്രമല്ല, നിങ്ങളുടെ ജമാഅത്ത് എല്ലാ മതത്തിൽപ്പെട്ട ആളുകളോടും അനുഭാവപൂർവം പെരുമാറുന്നു. അദ്ദേഹം ലോകത്ത് വ്യാപിച്ചിരിക്കുന്ന അശാന്തിയെ കുറിച്ചു പരാമർശിക്കുകയും സമാധാനം സ്ഥാപിക്കുന്നതിനു ഊന്നൽ നല്കുകയും ചെയ്തു. നമ്മൾ എല്ലാവരും ഒരുമിച്ചു ചേർന്ന് ശാന്തി നിലനിർത്താൻ ശ്രമിക്കേണ്ടതുണ്ട്.

ഹോളണ്ടിലെ അൽമേര പട്ടണത്തിൽ പള്ളിയുടെ ഉദ്ഘാടനവേളയിൽ അൽമേര ചർച്ചിലെ ചെയർമാൻ ഹായി ഓവേ തസൽ സാഹിബ് വന്നിരുന്നു. അദ്ദേഹം പറയുന്നു: നിങ്ങളുടെ ജമാഅത്ത് ശാന്തിയുടെ സന്ദേശമാണ് നൽകുന്നത്. നിങ്ങളുടെ ഖലീഫ ശാന്തിയെക്കുറിച്ചും മതസ്വാതന്ത്ര്യത്തെക്കുറിച്ചും

വളരെ നല്ല പ്രഭാഷണമാണ് നിർവഹിച്ചത്. അൽമേരയിൽ കത്തോലിക്ക വിഭാഗത്തിൽപ്പെട്ടവരും പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലുള്ളവരും ഒരുമിച്ച് ശാന്തിയോടെ ജീവിക്കുകയാണ്. ഇനി അഹ്മദികളും ഞങ്ങളോടൊപ്പം ചേർന്ന് സമാധാന ജീവിതത്തിൽ പങ്കുചേരുമെന്നു പ്രതീക്ഷിക്കുന്നു.

ഒരു തദ്ദേശവാസിയായ വനിത ഏൽവിൻ സാഹിബ പറയുന്നു: ലോകത്തിന് ഇസ്‌ലാമിന്റെ ഈ രൂപം കാണാൻ സാധിക്കുന്നില്ലല്ലോ എന്നത് ഖേദകരം തന്നെ. നിങ്ങളുടെ ജമാഅത്തിലുള്ളവർ വളരെ കഠിനാധ്വാനികളും അതിഥിസൽക്കാര പ്രിയരുമാണ്.

പിന്നീട് ഫ്രാൻസ് പര്യടനമായിരുന്നു. അവിടെ ജൽസയുണ്ടായിരുന്നു. അവിടെയും അനഹ്മദികളും അമുസ്‌ലിം അതിഥികളുമായിട്ടുള്ള സിറ്റിങ് ഉണ്ടായിരുന്നു. അതിൽ എഴുപത്തഞ്ചോളം അതിഥികൾ വന്നിരുന്നു. ഒരു വനിത പറയുകയാണ്: ഫ്രാൻസിൽ നടന്ന വിവിധ ആക്രമണങ്ങളെ അപലപിക്കുന്നു എന്ന് നിങ്ങളുടെ ഖലീഫ പറഞ്ഞുകൊണ്ട് ഇസ്‌ലാമിന് ഇത്തരം ആക്രമണങ്ങളുമായി യാതൊരു ബന്ധവുമില്ല എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമർപ്പിച്ച ഇസ്‌ലാമിന്റെ യഥാർഥ ചിത്രത്തിൽ നിന്നും മുസ്‌ലിംകൾക്ക് അനായാസം പാശ്ചാത്യ ലോകവുമായി ഇൻഗ്രേറ്റ് ചെയ്യാൻ സാധിക്കുന്നതാണെന്നു മനസ്സിലാക്കാം. അങ്ങനെ പാശ്ചാത്യലോകത്ത് മുസ്‌ലിംകൾക്ക് ഇടമില്ല എന്നും അവിടെ ഒരുമിച്ചു ജീവിക്കാൻ സാധ്യമല്ല എന്നു പറയുന്നതും തെറ്റായിത്തീരുന്നതാണ്. അങ്ങനെ പറയുന്നവർ ഇന്നത്തെ ഈ പ്രഭാഷണം കേൾക്കേണ്ടതായിരുന്നു.

മൊറോക്കോയിൽ നിന്നുള്ള ഒരു അനഹ്മദി അതിഥി സുഫിയാൻ സാഹിബ് പറയുന്നു: ഇന്നത്തെ ഈ പ്രഭാഷണത്തിൽ നിന്നും നിങ്ങൾത്തന്നെയാണ് യഥാർത്ഥ മുസ്‌ലിംകളെന്നും നിങ്ങൾ മുസ്‌ലിംകളല്ലെന്നു പറയുന്നവർ തികച്ചും തെറ്റാണ് പറയുന്നത് എന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചു.

ഹുസൂർ പറയുന്നു: പിന്നെ ഒക്ടോബർ 8 ന് നടന്ന യുനെസ്കോയിലെ പരിപാടിയായിരുന്നു. ഈ പരിപാടിയിൽ 91 അതിഥികൾ പങ്കെടുത്തു.

മാലിയിലെ യുനെസ്കോ അംബാസഡർ ആയ ഉമർ ഖേദാ സാഹിബ് അഭിപ്രായപ്പെട്ടു: ജമാഅത്തിന്റെ ഇമാം ശാന്തി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശാന്തി സന്ദേശത്തിന് ഞാൻ അനുഗ്രഹമാശംസിക്കുകയാണ്. ഇമാം ജമാഅത്ത് സമർപ്പിച്ച ആഗോള നീതിയുടെയും ഏകാഭിപ്രായത്തിന്റെയും കാഴ്ചപ്പാട് ഇന്ന് ലോകത്തിനുണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

നാറ്റോ മെമ്മോറലിന്റെ പ്രസിഡന്റ് മിസ്റ്റർ ബ്രേന്റൻ പറഞ്ഞു: ഈ സമ്മേളനം സുപ്രധാഃനവും ചരിത്രപരവുമായിരുന്നു. ഇതിലൂടെ ശാന്തിയും സഹിഷ്ണുതയും സാഹോദര്യവും സ്ഥാപിതമാകുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സന്ദേശം പരമാവധി ആളുകൾ കേൾക്കണമെന്നതാണ് എന്റെ ആഗ്രഹം.

മാലിയിൽ നിന്നുള്ള, ഫ്രാൻസ് കത്തോലിക്കാ അംഗങ്ങളുടെ അസ്സോസിയേഷൻ പ്രസിഡന്റ് ദ്യാലൂ സാഹിബും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുകയാണ്: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമർപ്പിക്കുന്ന ഇസ്‌ലാം സ്ഥാപിതമാകുകയാണെങ്കിൽ ലോകത്തിലെ എല്ലാ പ്രശ്നങ്ങളും അവസാനിക്കുന്നതാണ്.

ഫ്രാൻസിലെ സ്ട്രാസ്ബർഗിലെ പള്ളി ഉദ്ഘാടനമായിരുന്നു പിന്നീട് നടന്നത്. അവിടെ ഏകദേശം 191 അതിഥികൾ പങ്കെടുത്തിരുന്നു. ഫ്രഞ്ച് പാർലമെന്റ് അംഗമായ മാർട്ടിൻ സാഹിബ പറയുന്നു: താങ്കൾ ഒരു സമ്പൂർണമായ സന്ദേശം നൽകിയതിൽ ഞാൻ വളരെ സന്തോഷവതിയാണ്. ശാന്തിയുടെയും സാഹോദര്യത്തിന്റെയും സന്ദേശം താങ്കൾ നൽകുകയുണ്ടായി. മുഴുലോകത്തിനുമുള്ള സന്ദേശമാണത്. ഖലീഫ സമർപ്പിച്ച യഥാർഥ ഇസ്‌ലാമിനെക്കുറിച്ചറിയേണ്ടത് ഫ്രഞ്ച് ജനതയ്ക്ക് ആവശ്യമായിരുന്നു.

മറ്റൊരു അതിഥി പറയുന്നു: എനിക്കെന്റെ വികാരം പ്രകടിപ്പിക്കുവാൻ വാക്കുകളില്ല. ഈ ഇസ്‌ലാമിക സംഘടനെയെക്കുറിച്ച് എനിക്ക് ഒന്നും അറിയില്ലായിരുന്നു. എന്നാൽ ഇന്നിവിടെ കേട്ട കാര്യങ്ങളെ പ്രശംസിക്കാതിരിക്കാൻ എനിക്കാവില്ല. ഇസ്‌ലാമിന്റെ ഈ ശാഖ സമാധാനകാംക്ഷിയാണ്. ഇസ്‌ലാമിന്റെ യഥാർഥ ചിത്രമാണിത്. മനുഷ്യത്വവും സ്നേഹവും സാഹോദര്യവും നിറഞ്ഞ ഇസ്‌ലാമാണിത്. ഇതുവരെ ഞങ്ങൾ കേട്ടറിഞ്ഞ ഇസ്‌ലാം ഇസ്‌ലാമല്ല, മറിച്ച് മറ്റെന്തോ ആയിരുന്നു എന്നെനിക്കിപ്പോൾ ബോധ്യമായി.

ഒക്ടോബർ 14 ന് ജർമ്മനിയിലെ വീസ്ബാഡനിലെ മസ്ജിദിന്റെ ഉദ്ഘാടനമായിരുന്നു. 370 അതിഥികൾ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. കത്തോലിക്കാ ചർച്ചിലെ ഒരു പാതിരി പറയുന്നു: താങ്കളുടെ ഈ പ്രഭാഷണത്തിൽ എല്ലാ നിലപാടുകളും വ്യക്തമാക്കിയിരുന്നു. ഞാൻ പൂർണമായും അതിനോടു യോജിക്കുന്നു. ലോകത്തുള്ള എല്ലാ നേതാക്കളും ശാന്തിയെക്കുറിച്ച് പ്രസംഗിച്ചിരുന്നെങ്കിൽ വളരെ നന്നായിരുന്നു.

മറ്റൊരു വനിത, വീസ്ബാഡൻ ടൗൺ പാർലമെന്റിൽ ഇന്റഗ്രേഷൻ വിഭാഗത്തിൽ ജോലി ചെയ്യുന്ന വോനി സാഹിബ പറയുന്നു: എനിക്ക് ഈ പ്രഭാഷണം വളരെ പ്രോത്സാഹം നൽകുന്നതായി തോന്നി. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതും ഒരിക്കലും വിസ്മരിക്കാൻ സാധിക്കാത്തതുമായ ഒരു കാര്യം എല്ലാ അഹ്മദികളും അവരവരുടെ ചുറ്റുപാടുകളിൽ പ്രയോജനം നൽക്കുന്നവരായിരിക്കണം എന്നു പറഞ്ഞതാണ്. എല്ലാ മുസ്‌ലിം വിഭാഗങ്ങളും അഹ്മദി

കളെപ്പോലെ ഓപ്പൺ മൈന്റഡ് ആകുമായിരുന്നെങ്കിൽ ഒത്തൊരുമയോടെയുള്ള ജീവിതം വളരെ എളുപ്പമായി ത്തീരുന്നതാണ്. ഹുസൂർ പറഞ്ഞു: ഞാനിവിടെ ഇക്കാര്യം കൂടി വ്യക്തമാക്കുകയാണ്. നിസ്സംശയം നാമെല്ലാം ഒരുമയോടെ ജീവിക്കുന്നവരാണ്. എങ്കിലും ചിലർ ചില പ്പോൾ പ്രീണനം നടത്താറുണ്ട്. ആയതിനാൽ നമ്മുടെ അധ്യാപങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അവരോട് സംസാരിക്കുക. ആ സൽസ്വഭാവത്തിന്റെ വൃത്ത ത്തിൽ നിന്നുകൊണ്ട് സുഖമായി നമ്മുടെ അധ്യാപന ങ്ങൾ പറഞ്ഞുകൊടുക്കുവാനും സാധിക്കും. അതുകൊണ്ട് ഭയക്കേണ്ടതില്ല. ഇന്റഗ്രേഷൻ എന്നതിന്റെ അർഥം ഉന്നത സൽസ്വഭാവങ്ങൽ പ്രകടിപ്പിച്ചുകൊണ്ട് ഇസ്ലാമിന്റെ അധ്യാപനങ്ങളെ വ്യക്തമാക്കിക്കൊടുക്കുക എന്നാണ്.

പിന്നീട് ഫുൽഡയിൽ മസ്ജിദ് ബൈത്തുൽ ഹമീദിന്റെ ഉദ്ഘാടനമായിരുന്നു. ഈ ചടങ്ങിലും 330 അതിഥികൾ പങ്കെടുത്തു.

ഒരു ഹാറൽ സാഹിബ് പറഞ്ഞു: ഇതിനു മുൻപ് ഞങ്ങൾക്കു പരിചയമുള്ള ഇസ്ലാമിക അധ്യാപനങ്ങൾ അത് ഇസ്ലാമിന്റെ ശരിയായ ചിത്രം നൽക്കുന്നതല്ല. അതുകൊണ്ടുതന്നെ ഇന്നത്തെ സായാഹ്നം എനിക്കു വേണ്ടി ശരിയായ, ശാന്തിനിർഭരമായ സന്ദേശം നല്കു കയുണ്ടായി.

ഒരു തദ്ദേശിയായ അധ്യാപകൻ ഹുസൂറിന്റെ പ്രഭാ ഷണത്തെക്കുറിച്ചു പറഞ്ഞു: ഇക്കാര്യങ്ങൾ സ്കൂളിലെ വിദ്യാർഥികളെ കേൾപ്പിച്ചുകൊണ്ട് നിങ്ങളെന്താണ് ഇതിൽ നിന്നും മനസ്സിലാക്കിയതെന്നും ഇത്ര മനോഹ രമായ അധ്യാപനങ്ങൾ ഏതു മതത്തിന്റേതായിരിക്കു മെന്നാണ് നിങ്ങൾക്ക് തോന്നുന്നതെന്നും അവരോട് ചോദിക്കുകയുമാണ് ചെയ്യേണ്ടത്.

ഹുസൂർ പറയുന്നു: പിന്നീട് ബെർലിനിൽ ഇസ്ലാമും യൂറോപ്പും എന്ന വിഷയത്തിൽ പ്രഭാഷണം നടന്നി രുന്നു. പാർലമെന്റ് അംഗമായ അലീഗുസേന്റർ സാഹിബ് പറയുന്നു: ഈ വിഷയം പുതിയതും കാലിക പ്രസ ക്തവുമാണ്. ഖലീഫ അദ്ദേഹത്തിന്റെ വീക്ഷണം അതായത് ഇസ്ലാമിന്റെയും വിശുദ്ധ ഖുർആനിന്റെയും അടി ത്തറ തന്നെ നിലകൊള്ളുന്നത് സഹാനുഭൂതിയുടെയും ശാന്തിസമാധാനത്തിന്റെയും അധ്യാപനങ്ങളിലാണ് എന്നത് ഇസ്ലാമിന്റെ പുരാതന പ്രമാണങ്ങളുടെ പിൻ ബലത്തിൽത്തന്നെ തെളിയിച്ചു കാണിക്കുകയുണ്ടായി.

പ്രൊഫ. ഹെർബട്ട് ഹേഡേ പറയുന്നു: അഹ്മദിയ്യ ത്തിനെ വിദ്യാഭ്യാസ മേഖലയിൽ പ്രശോഭിതമാക്കി കൊണ്ട് മറ്റ് മതസംഘടനകൾക്കു മേൽ വ്യതിരിക്തമായ സ്ഥാനത്ത് അവരോധിക്കുകയുണ്ടായി.

സ്ബേൻ ലേഡൻ സാഹിബ പറയുന്നു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മനുഷ്യന്റെ വരുംതലമുറയുടെ വേദന മുൻകൂട്ടി ഉൾക്കൊണ്ടുകൊണ്ട് ഇന്നത്തെ നേതൃത്വത്തെ ജാഗ്രതപ്പെടുത്തിയിരിക്കുകയാണ്. അത് എന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചു.

ഒരു അതിഥി പറയുന്നു: ഖലീഫയുടെ പ്രഭാഷണ ത്തിൽ നിന്നും എനിക്കേറ്റവും സുപ്രധാനമായി തോ ന്നിയത് വിദ്യാഭ്യാസത്തിന്റെയും ശിക്ഷണത്തിന്റെ യും പ്രാധാന്യത്തെക്കുറിച്ചു പറഞ്ഞതാണ്. കാരണം മനുഷ്യന് തന്റെ വിശുദ്ധ ഗ്രന്ഥം എന്തധ്യാപനമാണ് നൽകുന്നത് എന്നറിയാൻ കഴിഞ്ഞാൽ പിന്നെ ഇന്നു ള്ള നിരവധി പ്രയാസങ്ങളിൽനിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. ഹുസൂർ അഹ്മദി യുവാക്കളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: വിശുദ്ധ ഖുർആൻ പ്രത്യേകമായി പഠിക്കുകയും അത് മനസ്സി ലാക്കുകയും ചെയ്യുക എന്നത് ഇന്ന് അഹ്മദി യുവാ ക്കളുടെ ബാധ്യതയാണ്. അങ്ങനെ മറ്റുള്ളവർക്കു മന സ്സിലാക്കിക്കൊടുക്കുവാൻ സാധിക്കും. അപ്പോൾ അവർ ചിന്തിക്കുകയും അതിലെ യുക്തി മനസ്സിലാക്കി ക്കൊണ്ട് ആ അധ്യാപനങ്ങളനുസരിച്ചു പ്രവർത്തി ക്കുകയോ അല്ലെങ്കിൽ ആ അധ്യാപനങ്ങൾ അംഗീക രിക്കുകയോ ചെയ്യാൻ നിർബന്ധിതരാകുകയും ചെയ്യും.

പിന്നീട് മസ്ജിദ് മഹ്ദി ആബാദിന്റെ ഉദ്ഘാടന മായിരുന്നു നടന്നത്. ഈ ചടങ്ങിൽ നൂറ്റി എഴുപതോ ളം അതിഥികൾ പങ്കെടുത്തു. വൈസ് മേയർ ആയ ഒരു അതിഥി പറയുന്നു: ഞാൻ തീർച്ചയായും മട ങ്ങിച്ചെന്ന് ഖലീഫയുടെ വാക്കുകൾ പ്രചരിപ്പിക്കുന്ന താണ്. എപ്പോഴെങ്കിലും ഇസ്ലാമിന്റെ മേൽ ആ ക്ഷേപം ഉന്നയിക്കപ്പെടുന്നത് കണ്ടാൽ കാലത്തിന്റെ ഖലീഫയുടെ ഈ നിർദേശങ്ങൾ സമർപ്പിച്ചുകൊണ്ട് ഞാൻ ഇസ്ലാമിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന താണ്.

ഹുസൂർ പറഞ്ഞു: നമസ്കാരങ്ങൾക്കു ശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാ ണ്. അത് ഇന്ത്യയിലെ കേരളത്തിൽ പാലക്കാടുള്ള, ജമാഅത്തിന്റെ മുബല്ലിഗായിരുന്ന ബഹുമാന്യ മൗല വി മഹ്മൂദ് അഹ്മദ് സാഹിബിന്റെയാണ്. ഒക്ടോബർ 15 ന് 54-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അദ്ദേഹ ത്തിന്റെ വന്ദ്യ പിതാവ് മൗലവി കെ. അലവി സാഹി ബ് മുഖേനയാണ് കുടുംബത്തിന് അഹ്മദിയ്യത്ത് ലഭി ച്ചത്. അദ്ദേഹം അനഹ്മദികളുടെ അറിയപ്പെടുന്ന ഒരു പണ്ഢിതനായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതി ന്റെ പേരിൽ അദ്ദേഹത്തിന് കഠിനമായ എതിർപ്പ് നേരി ടേണ്ടി വന്നു. അദ്ദേഹം മുഖേന കേരളത്തിൽ നൂറു ക്കണക്കിന് ആളുകൾക്ക് അഹ്മദിയ്യത്തിൽ പ്രവേശി ക്കാൻ ഭാഗ്യം ലഭിച്ചു. മർഹൂം കെ. മഹ്മൂദ് അഹ്മദ് സാഹിബ് തന്റെ പിതാവിന്റെ ഉപദേശപ്രകാരം കോളേജ് വിദ്യാഭ്യാസം ഉപേക്ഷിച്ച് ജാമിഅഃ അഹ്മ ദിയ്യായിൽ പ്രവേശനം നേടി. 1988 ൽ ജാമിഅഃ പാസ്സാ യി. മർഹൂം വളരെ വലിയ ഒരു പണ്ഢിതനായിരുന്നു.

മുത്തഖിയും നമസ്കാരനോമ്പാദികളിൽ കൃത്യനിഷ്ഠനും തഹജ്ജുദ് നമസ്കരിക്കുന്നയാളും ദുആ ചെയ്യുന്നയാളും ദരിദ്രരെ സംരക്ഷിക്കുന്നയാളും സഹനശീലനും കൃതജ്ഞനും നിഷ്കപടനുമായ ഒരു വ്യക്തിയായിരുന്നു. വിശുദ്ധ ഖുർആൻ, ഹദീസ്, കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും ഗ്രന്ഥങ്ങളുടെ അഗാധമായ വായനയുണ്ടായിരുന്നു. അറബി, ഉർദു, മലയാളം, തമിഴ് ഭാഷകളിൽ മതിയായ അവഗാഹമുണ്ടായിരുന്നു. അദ്ദേഹത്തിന് സ്വന്തമായ ഒരു ലൈബ്രറി ഉണ്ടായിരുന്നു. അതിൽ നിരവധി വിരളമായ പുസ്തകങ്ങൾ ഉണ്ടായിരുന്നു. കേരളം, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിലും പിന്നെ വിദേശത്ത് കുവൈത്തിലും സേവനമനുഷ്ഠിക്കാൻ അദ്ദേഹത്തിന് സൗഭാഗ്യമുണ്ടായി. ഒരു നല്ല പ്രഭാഷകനും വാദപ്രതിവാദം നടത്തുന്നയാളുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ നിർദേശമനുസരിച്ച് 1994 ൽ ബഹുമാന്യ മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെയും ഹാഫിസ് മുസഫർ അഹ്മദ് സാഹിബിന്റെയും കൂടെ ജമാഅത്തിന്റെ ഒരു കഠിന വിരോധിയായ മൗലവിയുമായി വാദപ്രതിവാദത്തിനുള്ള അവസരവും അദ്ദേഹത്തിന് ലഭിച്ചു. മർഹൂം മൂസി ആയിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ടു ഭാര്യമാരും മൂന്നു പെൺമക്കളും ഉണ്ട്. രണ്ടു ജാമാതാക്കൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ സിന്ദഗി-ജീവിതം ജമാഅത്തിനു വേണ്ടി സമർപ്പിച്ചവർ ആണ്. അദ്ദേഹത്തിന്റെ ഒരു മരുമകൻ എഴുതുന്നു, ജാമിഅയിൽ അവസാന വർഷം പഠിക്കുന്ന സമയത്ത് തന്റെ പിതാവിന്റെ നിർദേശപ്രകാരം അവധിക്ക് വീട്ടിൽ പോകാതെ രണ്ടു മാസം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനായി ഉഴിഞ്ഞുവച്ചു. ജാമിഅഃയിലെ വിദ്യാർഥികൾക്ക് ഇതിൽ വലിയൊരു പാഠമുണ്ട്. 1998ലും 2015ലും അഞ്ചുമൻ ഇശാഅത്തെ ഇസ്ലാം എന്ന സംഘടനയുമായി ജമാഅത്തിന്റെ ചരിത്രപരമായ വാദപ്രതിവാദങ്ങൾ നടന്നു. അതിൽ അദ്ദേഹത്തിന് വാദപ്രതിവാദം നടത്തുന്നയാളായി സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. കൂടാതെ അഹ്‌ലെ ഹദീസുകാരും അഹ്‌ലെ ഖുർആനുമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയകരമായ സംവാദങ്ങൾ നടത്താനും ഭാഗ്യം ലഭിച്ചു. മർഹൂം നമസ്കാര നോമ്പാദികളിൽ കൃത്യനിഷ്ഠനും ചെറുപ്പം മുതൽക്കേ തഹജ്ജുദ് നമസ്കരിക്കുന്ന ശീലക്കാരനുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു മരുമകൻ എഴുതുന്നു; കുട്ടിക്കാലത്തെ സംഭവമാണെന്നു പറയപ്പെടുന്നു. ഒരിക്കൽ അദ്ദേഹത്തിന് തഹജ്ജുദ് നമസ്കരിക്കാൻ സാധിച്ചില്ല അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തോട് പറഞ്ഞു: മകനേ നിനക്ക് മഖാമെ മഹ്മൂദ് വേണ്ടേ. അന്നു മുതൽ അദ്ദേഹം അക്കാര്യത്തിൽ ദൃഢനിശ്ചയമെടുക്കുകയും ആയുഷ്കാലം മുഴുവൻ അതു പ്രാവർത്തികമാക്കുകയും ചെയ്തു. ഏതുവരെയെന്നാൽ രോഗാവസ്ഥയിലും അത്യധികം അവശനിലയിലും അതിൽ നിലകൊണ്ടു. ഖിലാഫത്തുമായി അങ്ങേയറ്റത്തെ സ്നേഹബന്ധമായിരുന്നു, ആത്മാർത്ഥമായ അഗാധ ബന്ധമായിരുന്നു. തഅ്ലീം തർബിയ്യത്ത്, തബ്‌ലീഗ് സദസ്സുകളിൽ ഖിലാഫത്ത് എന്ന വിഷയത്തിനു വേണ്ടി ഒരു സമയം പ്രത്യേകമായി മാറ്റിവയ്ക്കുമായിരുന്നു. ആ വിഷയത്തിൽ സംസാരിച്ച് പലപ്പോഴും വികാരഭരിതനാകുമായിരുന്നു. 2015ൽ ഒരു സ്ത്രീ ബൈഅത്തു ചെയ്തു. അവരുടെ ഭർത്താവ് അപ്പോൾ വിദേശത്തായിരുന്നു. അദ്ദേഹം വന്നപ്പോൾ അദ്ദേഹത്തെയും തബ്‌ലീഗ് ചെയ്തു. ഖിലാഫത്തിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യമെന്താണെന്ന് അദ്ദേഹം ചോദിച്ചു. അപ്പോൾ മർഹൂം ഖിലാഫത്തിന്റെ സ്ഥാനമാനത്തെക്കുറിച്ചും ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചും എത്രമാത്രം വികാരാവേശത്തോടെ സംസാരിച്ചുവെന്നാൽ അദ്ദേഹത്തിന്റെ കണ്ണു നിറഞ്ഞൊഴുകി. അത് ആ അനഹ്മദിയെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ അദ്ദേഹം ഉടനെ ബൈഅത്തു ചെയ്യുകയുണ്ടായി.

ഹുസൂർ പറയുന്നു: വാസ്തവത്തിൽ അദ്ദേഹം ഖിലാഫത്തിന്റെ സുൽത്താനെ നസീർ അഥവാ സമർഥനായ സഹായിയായിരുന്നു. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകുവാനുള്ള തൗഫീഖ് നൽകട്ടെ. (ആമീൻ)

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 01.11.2019
Malayalam Translation: **Moulavi K. Najmuddin Muriyakkanny** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516